പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2030

01.02.2018-ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി നഗരത്തിലെയും ദേശീയ പാതയിലെയും ഗതാഗതക്കുരുക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി നഗരത്തിലെയും ദേശീയ പാതയിലെയും ഗതാഗതക്കുരുക്കും ഗതാഗത തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പ്രതിദിനമുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് സഹായകമായ രീതിയിൽ ട്രാഫിക് സംവിധാനം പരിഷ്കരിക്കുമോ; വിശദീകരിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായി പ്രധാന ജംഗ്ഷനുകളിലും മറ്റും പോലീസ് ഉദ്യോഗസ്ഥരെയും, ഹോം ഗാർഡുകളേയും നിയോഗിച്ചു വരുന്നു. ഗതാഗതക്കുരുക്ക്, ഗതാഗത തടസ്സം തുടങ്ങിയ കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചും ഡ്രൈവർമാർക്ക് ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു. |
| (ബി) ഇവിടുത്തെ ട്രാഫിക് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിയമ ലംഘനങ്ങൾ ശ്രദ്ധിക്കുന്നതിനും ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുമോ; വിശദീകരിക്കുമോ ; | (ബി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ ശുപാർശ നൽകാൻ കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഇത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ ? | (സി) ഇത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ